REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളായി നടപ്പാക്കുമെന്ന് മന്ത്രിസഭാ ഉപസമിതി.
- ധനകാര്യ ബിൽ ലോക്സഭ പാസാക്കി.
- ISRO സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ മൂന്നാമത്തെയും അവസാനത്തെയും പരീക്ഷണ വിക്ഷേപണം ഈ മാസം 15-ന്.
- പാരിസ് ഒളിംപിക്സിൽ സ്വർണ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്ന് ജാവ്ലിൻ ത്രോ ഫൈനലിൽ മത്സരിക്കും.
- ഒളിംപിക്സ് അയോഗ്യതക്ക് പിന്നാലെ, ഗുസ്തി താരം വിനേഷ് ഫോഗട്ട് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചു.
- ഇന്ത്യ - ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പര ശ്രീലങ്കയ്ക്ക്.

## വാർത്തകൾ വിശദമായി

**വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളായി നടപ്പാക്കുമെന്ന് മന്ത്രിസഭാ ഉപസമിതി അറിയിച്ചു. നിലവിൽ ക്യാമ്പുകളിൽ കഴിയുന്നവരെ താത്ക്കാലികമായി പുനരധി വസിപ്പിക്കുന്നതാണ് ഒന്നാം ഘട്ടം. ഇതിനായി ബന്ധുവീടുകളിൽ പോവാൻ കഴിയുന്നവർക്ക് അതിനാവശ്യമായ സൗകര്യമൊരുക്കും. ഇതിന്**

കഴിയാത്തവർക്ക് ഗവൺമെന്റ് ചെലവിൽ വാടക വീടുകളോ മറ്റ് സൗകര്യങ്ങളോ കണ്ടെത്തി നൽകും. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ പദ്ധതിക്ക് രൂപം നൽകിയതായി മന്ത്രി K. രാജൻ കൽപ്പറ്റയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഗവൺമെന്റ് സംവിധാനങ്ങളുടെ കെട്ടിടങ്ങളും സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്തും.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.......

സ്ഥിരം വീടുകളിലേക്ക് മാറുന്നതിനു മുമ്പ് ഇടക്കാല ട്രാൻസിറ്റ് ഹോം സംവിധാനം രണ്ടാം ഘട്ടത്തിൽ ഏർപ്പെടുത്തും. ഇതിന് യോജിച്ച സ്ഥലങ്ങൾ കണ്ടെത്തി ഫ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് സംവിധാനങ്ങൾ ഒരുക്കും. സമ്പൂർണ പുനരധിവാസത്തിന്റെ ഭാഗമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ടൗൺഷിപ്പ് പദ്ധതി മൂന്നാംഘട്ടത്തിലാണ് നടപ്പിലാക്കുകയെന്നും മന്ത്രി അറിയിച്ചു.

ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമെങ്കിൽ വിദഗ്ധ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

ബാങ്ക് വായ്പകളുടെ തിരിച്ചടവുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തല ബാങ്കിംഗ് സമിതിയുടെ അടിയന്തര യോഗം വിളിച്ചുചേർക്കും. ദുരന്തസന്ദർഭത്തിൽ

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ക്യാമ്പുകളിൽ കഴിയുന്നവരിൽ നിന്ന് പണപ്പിരിവ് നടത്തുന്നത് ഒഴിവാക്കണമെന്ന് K.രാജൻ ആവശ്യപ്പെട്ടു.

വയനാട്ടിലേതിനേക്കാൾ ജീവഹാനി കുറഞ്ഞ ദുരന്തങ്ങളെപോലും ദേശീയ ദുരന്തങ്ങളായി പ്രഖ്യാപിച്ച് സഹായം നൽകിയ ചരിത്രമുണ്ടെന്നും അതിന് സമാനമായ ഫണ്ടെങ്കിലും വയനാട് ദുരന്തത്തിന്റെ കാര്യത്തിൽ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർഥിക്കുന്നതായി മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു.

✪✪✪

ചാലിയാറിലെ 9-ാം ദിവസത്തെ തെരച്ചിലിൽ ഇന്നലെ ഒരു മൃതദേഹവും നാല് ശരീര ഭാഗങ്ങളും ലഭിച്ചു. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ലഭിച്ച് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ച ആകെ മൃതദേഹങ്ങൾ 77 ഉം ശരീര ഭാഗങ്ങൾ 165 ഉം ആയി.

കാണാതായവർക്കായി പത്താം ദിവസമായ ഇന്നും തിരച്ചിൽ തുടരും. ആറ് മേഖലകൾ തിരിച്ചാണ് തിരച്ചിൽ.

✪✪✪

വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച എത്തും. ദുരിതാശ്വാസ ക്യാമ്പുകൾ പ്രധാനമന്ത്രി സന്ദർശിക്കും. പ്രത്യേക വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്തിയശേഷം ഹെലികോപ്റ്ററിലായിരിക്കും അദ്ദേഹം ദുരന്ത മേഖലയിലേക്ക് പോവുക. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും, മുഖ്യമന്ത്രി

പിണറായി വിജയനും പ്രധാനമന്ത്രിയെ അനുഗമിച്ചേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

വയനാട് ദുരന്തം നേരിടാൻ കോഴിക്കോട് - കണ്ണൂർ ജില്ലാ പഞ്ചായത്തുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ വീതം സംഭാവന നൽകും. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജാ ശശി മുഖ്യമന്ത്രിക്ക് സംഭാവന കൈമാറി. കണ്ണൂർ ജില്ലാ പഞ്ചായത്ത് ഒരു കോടിക്ക് പുറമെ അംഗങ്ങളുടെ ഒരു മാസത്തെ ഓണറേറിയവും ദുരിതാശ്വാസ നിധിയിലേക്ക് നൽകും.

✪✪✪

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ ഇത്തവണ ശ്രീകൃഷ്ണ ജയന്തി ശോഭാ യാത്രകൾ ഒഴിവാക്കിയതായി ബാലഗോകുലം അറിയിച്ചു. ജയന്തി ദിവസമായ 26-ന് കുടുംബാംഗങ്ങളും കുട്ടികളും ഒരുമിച്ച് പ്രാർത്ഥനാ സഭകൾ സംഘടിപ്പിക്കും. സംസ്ഥാനത്ത് മുഴുവൻ ആർഭാടങ്ങൾ ഒഴിവാക്കിയായിരിക്കും ഇത്തവണത്തെ ശോഭാ യാത്രയെന്നും അവർ അറിയിച്ചു.

✪✪✪

59 പേരുടെ മരണത്തിനിയാക്കിയ കവളപ്പാറ ഉരുൾപൊട്ടൽ ദുരന്തത്തിന് ഇന്ന് അഞ്ച് വർഷം തികയുന്നു. 2019 ആഗസ്ത് എട്ടിനാണ് നിലമ്പൂർ പോത്തുകല്ല് പഞ്ചായത്തിലെ കവളപ്പാറ മുത്തപ്പൻ മലയിടിഞ്ഞ് വൻ ദുരന്തമുണ്ടായത്. 37 വീടുകളും നൂറേക്കറോളം ഭൂമിയും

ദുരന്തത്തിൽ തകർന്നു. ദിവസങ്ങൾ നീണ്ട തിരച്ചിലിന് ഒടുവിലും 11 പേരെ കണ്ടെത്താനായില്ല. ഇവർ മരിച്ചതായി കണക്കാക്കി 59 പേരുടെ കുടുംബങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് ധനസഹായം നൽകി.

✪✪✪

വിദ്യാഭ്യാസം സാമൂഹിക പരിവർത്തനത്തിന്റെയും രാഷ്ട്ര നിർമാണത്തിന്റെയും മാധ്യമമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. വെല്ലിങ്ടണിൽ ഇന്റർനാഷണൽ എഡ്യുക്കേഷൻ കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. വെല്ലിങ്ടൺ ഗവൺമെന്റ് ഹൗസിൽ രാഷ്ട്രപതിക്ക് ന്യൂസിലാന്റ് ഗവർണർ ജനറൽ ഡാം സിന്റി കിറോയുടെ നേതൃത്വത്തിൽ ആചാരപരമായ സ്വീകരണവും റോയൽ ഗാർഡ് ഓഫ് ഓണറും നൽകി. ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ, വിദേശകാര്യമന്ത്രി വിൻസ്റ്റൺ പീറ്റേഴ്സ് തുടങ്ങിയവരുമായി രാഷ്ട്രപതി ചർച്ച നടത്തും.

✪✪✪

ധനമന്ത്രി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ധനകാര്യ ബിൽ ലോക്സഭ പാസാക്കി. നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നിർദ്ദേശങ്ങൾ പ്രാബല്യത്തിലാക്കുന്ന ധനകാര്യ ബിൽ പാസായതോടെ ബജറ്റ് നടപടികൾ പൂർത്തിയായി.

രാജ്യത്തെ നികുതി നിയമങ്ങളും നടപടിക്രമങ്ങളും കൂടുതൽ ലഘൂകരിക്കുന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ

നികുതി സമീപനമെന്ന് ലോക്സഭയിൽ ബിൽ ചർച്ചയ്ക്ക് മറുപടിയായി നിർമ്മല സീതാരാമൻ പറഞ്ഞു. കഴിഞ്ഞ ദശകത്തിൽ നരേന്ദ്ര മോദി ഗവൺമെന്റ് നികുതി മേഖലയിൽ പരിവർത്തനാത്മക മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് അവർ പറഞ്ഞു.

മെഡിക്കൽ ഇൻഷ്വറൻസിന് 18% GST ഏർപ്പെടുത്തിയത് ഒഴിവാക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം GST കൗൺസിലാണ് പരിഗണിക്കേണ്ടതെന്ന് നിർമലാ സീതാരാമൻ പറഞ്ഞു. ഇക്കാര്യത്തിൽ കൗൺസിൽ തീരുമാനം എടുത്ത ശേഷമേ പാർലിമെന്റിൽ ഭേദഗതി കൊണ്ടുരാൻ സാധിക്കൂവെന്നും അവർ വ്യക്തമാക്കി.

✪✪✪

ബംഗ്ലാദേശിൽ നൊബേൽ സമ്മാന ജേതാവ് പ്രൊഫസർ മുഹമ്മദ് യൂനസിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് ഇന്ന് രാത്രി സത്യപ്രതിജ്ഞ ചെയ്യും. സൈനിക മേധാവി ജനറൽ വക്കാർ ഉസ്സമാൻ ഇന്നലെ മാധ്യമങ്ങളിലൂടെ അറിയിച്ചതാണ് ഇക്കാര്യം. കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവർക്കെതിരെ നടപടികൾ ഉണ്ടാവില്ലെന്ന് അദ്ദേഹം ഉറപ്പ് നൽകി.

✪✪✪

ശാസ്ത്ര - സാങ്കേതിക - കണ്ടുപിടുത്ത മേഖലകളിലെ സംഭാവനകൾക്ക് നൽകുന്ന രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ISRO ചന്ദ്രയാൻ - 3, ടീമിനാണ് ബഹിരാകാശ ശാസ്ത്ര രംഗത്തെ പുരസ്കാരം. ജീവശാസ്ത്ര

രംഗത്തെ ആജീവനാന്ത സംഭാവനകൾക്ക് ഏർപ്പെടുത്തിയ വിജ്ഞാൻ രത്ന അവാർഡിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് മുൻ ഡയറക്ടർ പ്രൊഫസർ G. പത്മനാഭൻ അർഹനായി. വിജ്ഞാൻ ശ്രീ പുരസ്കാരങ്ങൾക്കും, വിജ്ഞാൻ യുവ പുരസ്കാരങ്ങൾക്കും ഏഴ് പേർ വീതം അർഹരായി. ഈ മാസം 23-ന് ദേശീയ ബഹിരാകാശ ദിനത്തിൽ പുരസ്കാരങ്ങൾ സമ്മാനിക്കും.

✪✪✪

ISRO ഈ സ്വാതന്ത്ര്യ ദിനത്തിൽ ഇന്ത്യയുടെ സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ മൂന്നാമത്തെയും അവസാനത്തെയും പരീക്ഷണ വിക്ഷേപണം നടത്തും. ഭൗമ നിരീക്ഷണ ഉപഗ്രഹമായ EOS - 08, SSLV ഉപയോഗിച്ച് ശ്രീഹരി കോട്ടയിൽ നിന്ന് വിക്ഷേപിക്കും. രാവിലെ 9.17-നാണ് വിക്ഷേപണം നിശ്ചയിച്ചിരിക്കുന്നത്. 175.5 കിലോയാണ് ഉപഗ്രഹത്തിന്റെ ഭാരം.

✪✪✪

കേരള ഖാദി ഗ്രാമവ്യവസായ ബോർഡും അംഗീകൃത ഖാദി സ്ഥാപനങ്ങളും ചേർന്ന് സംഘടിപ്പിക്കുന്ന ഓണം ഖാദി മേള രാവിലെ കണ്ണൂരിൽ മന്ത്രി V.N വാസവൻ ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെ നവീകരിച്ച ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂമും മന്ത്രി ഉദ്ഘാടനം ചെയ്യും. മഹാത്മ ഗാന്ധിയുടെ ഛായാചിത്രം ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അനാച്ഛാദനം ചെയ്യും.

✪✪✪

വടകര വിലങ്ങാട്ടെ ഉരുൾപൊട്ടലിൽ സർട്ടിഫിക്കറ്റുകൾ അടക്കം രേഖകൾ നഷ്ടപ്പെട്ടവർക്കായി ഈ മാസം 16-ന് വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിൽ പ്രത്യേക അദാലത്ത് സംഘടിപ്പിക്കും.

ജില്ലാ I.T മിഷനാണ് അദാലത്തിന് നേതൃത്വം നൽകുന്നത്. എല്ലാ വകുപ്പുകളും പങ്കെടുക്കുന്ന അദാലത്തിൽ നഷ്ടപ്പെട്ട രേഖകൾക്ക് പകരം രേഖകൾ നൽകാൻ സംവിധാനമുണ്ടാക്കും. ഉരുൾപൊട്ടലിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ വിശദ റിപ്പോർട്ട് എല്ലാ വകുപ്പുകളും ജില്ലാ കലക്ടർക്ക് കൈമാറും.

✪✪✪

പാരിസ് ഒളിംപിക്സിൽ സ്വർണ പ്രതീക്ഷയുമായി ലോക ചാമ്പ്യൻ നീരജ് ചോപ്ര ഇന്ന് ജാവ്ലിൻ ത്രോ ഫൈനലിൽ മത്സരിക്കും. രാത്രി 11.55നാണ് മത്സരം.

പുരുഷ ഹോക്കിയിൽ വെങ്കല മെഡലിനായി ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും. അന്താരാഷ്ട്ര ഹോക്കിയിൽ നിന്ന് വിടവാങ്ങൽ പ്രഖ്യാപിച്ച മലയാളി താരം P.R ശ്രീജേഷിന് ഇന്നത്തെ മത്സരം നിർണായകമാണ്.

24 സ്വർണം ഉൾപ്പെടെ 87 മെഡലുമായി അമേരിക്കയാണ് പാരീസ് ഒളിമ്പിക്സിൽ ഇപ്പോൾ ഒന്നാം സ്ഥാനത്ത്. 23 സ്വർണം നേടിയ ചൈനയാണ് രണ്ടാമത്.

✪✪✪

ഗുസ്തി താരം വിനേഷ് ഫോഗട്ട് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചു. ഒളിംപിക്സിലെ ഗുസ്തി ഫൈനലിൽ മത്സരിക്കാനിരിക്കെ അയോഗ്യയാക്കിയതിനു പിന്നാലെയാണ് എക്സ് പോസ്റ്റിലൂടെ ഫോഗട്ട് വിരമിക്കൽ തീരുമാനം അറിയിച്ചത്. എല്ലാവരും ക്ഷമിക്കണമെന്നും സ്വപ്നങ്ങൾ തകർന്നുവെന്നും ഇനി മത്സരിക്കാൻ ശക്തിയില്ലെന്നും അവർ പറഞ്ഞു.

✪✪✪

ഇന്ത്യ - ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പര ശ്രീലങ്കയ്ക്ക്. ഇന്നലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ 110 റൺസിന് അവർ ഇന്ത്യയെ തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക ഇന്ത്യയ്ക്ക് 249 റൺസ് വിജയലക്ഷ്യം നിർണയിച്ചു. തുടർന്ന് ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 26.1 ഓവറിൽ 138 റൺസിന് എല്ലാവരും പുറത്തായി. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യയ്ക്കെതിരായ പരമ്പര ശ്രീലങ്ക സ്വന്തമാക്കുന്നത്. പരമ്പരയിലെ ആദ്യ മത്സരം സമനിലയിൽ പിരിഞ്ഞിരുന്നു. മറ്റ് രണ്ട് മത്സരങ്ങളും ശ്രീലങ്ക വിജയിച്ചു.

✪✪✪

മലമ്പുഴ ഡാമിൽ റൂൾ കർവ് അനുസരിച്ച് പരമാവധി ജലനിരപ്പ് എത്തിയതിനാൽ  സ്പിൽവേ ഷട്ടറുകൾ രാവിലെ നേരിയ തോതിൽ  ഉയർത്തുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു. മുക്കൈ, കൽപ്പാത്തി, ഭാരതപ്പുഴ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കേന്ദ്ര വഖ്ഫ് നിയമ ഭേദഗതി നീക്കം തടയാൻ സംസ്ഥാന ഗവൺമെന്റ് ഇടപെടണമെന്ന് വഖ്ഫ് ബോർഡ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. എറണാകുളത്ത് ചേർന്ന വഖ്ഫ് ബോർഡ് യോഗമാണ് പ്രമേയം അവതരിപ്പിച്ചത്.

നിയമ ഭേദഗതി നീക്കം വഖ്ഫിന്റെ ലക്ഷ്യം അട്ടിമറിക്കുന്നതാണെന്ന് കാന്തപുരം A.P അബൂബക്കർ മുസ്ലിയാർ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

മന്ത്രി V.N വാസവൻ രാവിലെ അഴീക്കൽ തുറമുഖം സന്ദർശിക്കും. K.V സുമേഷ് MLA മന്ത്രിയെ അനുഗമിക്കും.

✪✪✪

പ്രതിപക്ഷ നേതാവ് V.D. സതീശൻ ഇന്ന് കോഴിക്കോട് വിവിധ പരിപാടികളിൽ പങ്കെടുക്കും. കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ആക്ട് സംരക്ഷണ സംഗമം ഉദ്ഘാടനം ചെയ്തശേഷം ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് വിഷയത്തിൽ കോൺഗ്രസിന്റെ രാപ്പകൽ സമര സമാപനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിൽ ആഫ്രിക്കൻ പന്നി പനി സ്ഥിരീകരിച്ച ഫാമിലെ പന്നികളെ ഇന്ന് ഉൻമൂലനം ചെയ്യും.

✪✪✪